# ACADEMIC MASTER PLAN

## 2025-26

Govt :UPS PURACHERY

മുഖവുര

# വിദ്യാലയ മികവ് അക്കാദമിക മികവ്

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളെയും കൂടുതൽ മികവിലേക്ക് നയിക്കുന്നതിനുള്ള നൂതന കാഴ്ചപ്പാട് മുന്നോട്ട് വെച്ചിട്ടുള്ള ഒരു പദ്ധതിയാണ്. 'വിദ്യാലയ മികവ്' എന്നത് പൂർണമായ അർത്ഥത്തിൽ അക്കാദമിക മികവ് ആയിരിക്കണമെന്നാണ് ആത്യന്തികമായും ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിന്റെ 8 മേഖലകളിലൂടെയും നാം കടന്നുപോകേണ്ടതുണ്ട് എന്നതിൽ തുടങ്ങി അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണം വരെ കൃത്യമായ ആസൂത്രണം വിദ്യാലയങ്ങളിൽ നടന്നാൽ വ്യക്തമായ ദർശനവും ലക്ഷ്യബോധവും സ്വാഭാവികമായും ഉരുത്തിരിയും.

**സമഗ്ര ഗുണമേന്മ പദ്ധതി മേഖലകൾ**

i) പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
ii) ഗുണമേന്മ ഉറപ്പുവരുത്തൽ/കാര്യക്ഷമത വർദ്ധിപ്പിക്കൽ
iii) മൂല്യനിർണയ രീതിശാസ്ത്രം കാര്യക്ഷമമാക്കൽ
iv) സാങ്കേതികവിദ്യ, സൗഹൃദ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ
v) ഭരണപരമായ പ്രവർത്തനങ്ങളുടെ ഏകോപനം
vi) ഗവേഷണാത്മക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
vii) പരിശീലന/ശാക്തീകരണ ക്ലസ്റ്ററുകൾ സംഘടിപ്പിക്കൽ
viii) വിദ്യാലയ സമിതികളും മറ്റ് സ്ഥാപനങ്ങളുമായുള്ള സഹകരണവും

ആധുനിക ശാസ്ത്രസാങ്കേതികതയുടെ കാലത്ത് കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് വിദ്യാലയാന്തരീക്ഷവും അക്കാദമിക പ്രവർത്തനങ്ങളും വൈവിധ്യവത്കരിക്കാനും സർഗ്ഗാത്മകമാക്കാനും അധ്യാപകർക്ക് കഴിയേണ്ടതുണ്ട് എന്ന ബോധ്യത്തിൽ നിന്നാണ് ഈ പദ്ധതികളും മാസ്റ്റർ പ്ലാനുകളും സംജാതമാകുന്നത്. ഗുണമേന്മയും കാര്യക്ഷമതയും ദർശനത്തോടൊപ്പം ചേരുമ്പോൾ ലക്ഷ്യപ്രാപ്തി നേടിയെടുക്കുക എളുപ്പമാകും. ഓരോ കുട്ടിയും ഓരോ യൂണിറ്റായി പരിഗണിച്ചുകൊണ്ട് കൂടുതൽ മികവിലേക്ക് കുതിക്കാൻ നമുക്ക് ഈ സമഗ്ര വിദ്യാലയ ഗുണമേന്മ വർഷത്തിൽ നമുക്ക് സാധിക്കുമെന്ന് ഉറപ്പുണ്ട്. അതിനായി സക്രിയമായി ഒരുമിച്ച് പ്രവർത്തിക്കാം.

SRG കൺവീനർ

# GUPS പുറച്ചേരി - അവസ്ഥാവിശകലനം

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ 2ാം വാർഡിൽ പുറച്ചേരി ഗ്രാമത്തിലാണ് GUPS പുറച്ചേരി എന്ന സർക്കാർ വിദ്യാലയം സ്ഥിതിചെയ്യുന്നത്. തളിപ്പറമ്പ് വിദ്യാഭ്യാസജില്ലയിൽ മാടായി ഉപജില്ലയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. പുറച്ചേരി, അറത്തിപ്പറമ്പ്, ഏഴിലോട്, കോട്ട-കോട്ടക്കുന്ന്, അറത്തിൽ തുടങ്ങി നരീക്കാംവള്ളി വരെയുള്ള കുട്ടികൾ ഇവിടെ വിദ്യാഭ്യാസത്തിനായി എത്തിച്ചേരുന്നു.

1955 ഒക്ടോബർ 8ന് ഏകാധ്യാപക വിദ്യാലയമായി പ്രവർത്തനമാരംഭിച്ച്, 1989 നവംബർ 11ന് അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തപ്പെട്ട സ്ഥാപനമാണിത്. 1.52 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്കൂളിന്, സ്വന്തമായി കെട്ടിടങ്ങളും കളിസ്ഥലവും വിദ്യാവനവുമുണ്ട്. പ്രീപ്രൈമറി മുതൽ ഏഴാം തരം വരെയുള്ള കുട്ടികൾക്ക് പഠിക്കുവാനാവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഇന്ന് ഈ വിദ്യാലയത്തിലുണ്ട്. 17 ക്ലാസ്സ്മുറികൾ, ഓഫീസ്, സ്റ്റാഫ്റൂം, ലാബ്, ലൈബ്രറി, ക്രിയേറ്റീവ് കോർണർ എന്നിവയും കിച്ചൺ, ഡൈനിങ്ഹാൾ, സ്റ്റേജ്, ഓപ്പൺ എയർ ഓഡിറ്റോറിയം എന്നിവയുമുണ്ട്.

പാഠ്യ-പാഠ്യേതര രംഗത്ത് മികവാർന്ന പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ മുൻപന്തിയിലുള്ള വിദ്യാലയങ്ങളിലൊന്നാണിത്. പ്രധാന പരിമിതികളിലൊന്ന് ICT ലാബിന്റെയും ഡിജിറ്റൽ ക്ലാസ്സ്മുറികളുടെയും കുറവ് ഉണ്ടെന്നുള്ളതാണ്. നിലവിലുള്ള ICT ലാബിൽ ഒരേസമയം 20ൽ താഴെ കുട്ടികൾക്ക് മാത്രമേ ഒരേ സമയം പഠനസൗകര്യമുള്ളൂ. ഇത് അല്പം കൂടി മെച്ചപ്പെടുത്തി 30 പേർക്ക് ഒരേ സമയമിരുന്ന് പഠിക്കുന്നതിനും, വലിയ പ്രൊജക്റ്ററിൽ പൊതുകാര്യങ്ങൾ വിശദീകരിച്ച് കണ്ടുപഠിക്കുന്നതിനും സൗകര്യപ്പെടുത്തണം. പകുതി ക്ലാസ്സ്മുറികളിൽ മാത്രമുള്ള LCD projector എല്ലാ ക്ലാസ്സ്മുറികളിലേക്കും സ്ഥിരമായി ഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. നിലവിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ ഡൈനിങ് ഹാളിൽ പ്രവർത്തിക്കുന്നതിനാൽ കുട്ടികൾക്ക് സൗകര്യപ്രദമായ ഇരിപ്പിടങ്ങളിൽ ഇരുന്ന്

ഉച്ചഭക്ഷണം കഴിക്കാൻ സാധിക്കുന്നില്ല. ഒപ്പം പോഷക സമൃദ്ധവും രുചികരവുമായ ഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രിയാത്മക ഇടപെടൽ പി.ടി.എ.യുടെ നേതൃത്വത്തിൽ നടക്കണം.

അക്കാദമിക രംഗത്ത് കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ ചിട്ടയായ പരിശീലനങ്ങൾ ആവശ്യമായി വരുന്ന സാഹചര്യങ്ങളുണ്ട്. ഒന്നാം തരം മുതൽ എല്ലാ കുട്ടികളെയും നന്നായി എഴുതാനും വായിക്കാനും സജ്ജരാക്കുന്നവിധമാണ് കഴിഞ്ഞ രണ്ടുമൂന്ന വർഷത്തെ കരിക്കുലം വിഭാവനം ചെയ്തിട്ടുള്ളത്. അതിന് മുമ്പ് എൽ.പി. തലം കടന്നു വന്നവർ (കോവിഡ് കാലത്ത് I, II ക്ലാസുകളിലുണ്ടായിരുന്നവർ) യു.പി തലത്തിൽ എഴുത്ത്, വായനയുടെ അഭാവം കൊണ്ട് ക്ലാസിൽ എല്ലാ വിഷയങ്ങളും കൃത്യമായി മനസ്സിലാക്കുന്നതിൽ വൈഷമ്യം നേരിടുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. ഇവർക്ക് കഴിഞ്ഞ വർഷത്തെ പോലെ ശ്രദ്ധ/പരിശീലന പരിപാടി നടത്തേണ്ടി വരുന്നു. ഈ പ്രാവശ്യം ഗണിതത്തിന് പ്രത്യേക പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്നും തിരിച്ചറിയുന്നു.

കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നതിന് 3ാം തരം മുതൽ 7 വരെ നടപ്പിലാക്കിയ 'വായനത്തിളക്കം' ഈ വർഷവും തുടരുന്നു. ഒപ്പം രക്ഷിതാക്കളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതിന് അവർക്ക് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യാനും പദ്ധതിയുണ്ട്. ഗണിതം, സാമൂഹ്യം തുടങ്ങിയ വിഷയങ്ങൾക്ക് ലാബ് സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ഗണിതകിറ്റ് / SS പഠനോപകരണ ശില്പശാല സംഘടിപ്പിക്കേണ്ടത് അത്യാവശ്യമെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ബോധവത്കരണ ക്ലാസുകൾ, പുസ്തക ചർച്ചകൾ, റീഡേഴ്സ് തിയറ്റർ, സ്പെഷ്യൽ അസംബ്ലികൾ, ഫീൽഡ്ട്രിപ്പുകൾ, വാനനിരീക്ഷണ ക്ലാസുകൾ, ഇംഗ്ലീഷ് ഫെസ്റ്റ്, ഫോണാസ്റ്റിക് ഷോപ്പ് പ്രവർത്തനങ്ങൾ ഈ വർഷം വിദ്യാലയത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നവയാണ്. ഇതിലൂടെ മികച്ച തലമുറയെ വാർത്തെടുക്കാമെന്ന് നിശ്ചയമായും കരുതുന്നു.

മലയാളത്തിളക്കം മാതൃഭാഷ വികസന പരിപാടി

LP മലയാളം

* ശ്രവണം, ഭാഷണം കഴിഞ്ഞാൽ വായന, എഴുത്ത് വളരെ പ്രാധാന്യത്തോടെ ചെയ്യേണ്ട കാര്യങ്ങളാണ്. മാതൃഭാഷയിൽ നന്നായി വായിക്കുന്ന കുട്ടിക്ക്, നന്നായി എഴുതുവാൻ സാധിക്കും. അതിനാൽ ആദ്യഘട്ടത്തിൽ വായനക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നു..

1) അമ്മയും കുഞ്ഞും വായന -

2) വായന കാർഡ് നിർമാണം - രക്ഷിതാക്കളുടെ സഹായത്തോടെ വിദ്യാലയത്തിൽ ഏകദിന ശില്പശാല നടത്തി കാർഡുകൾ നിർമിക്കുന്നു.

3) റീഡേഴ്സ് തിയേറ്റർ -

4) വായനക്കൂട്ടം/എഴുത്തുകൂട്ടം - വായന/എഴുത്തിൽ താല്പര്യമുള്ള കുട്ടികളുടെ പ്രതിമാസ കൂടിച്ചേരൽ. പ്രത്യേക വിഷയത്തെ അടിസ്ഥാനപ്പെടുത്തി വായനയും ശേഷം അതേക്കുറിച്ച് സ്വതന്ത്ര എഴുത്തും.

5) പാട്ടരങ്ങ് - പാട്ടുകൾ, കവിതകൾ പാടുന്നതിന് അവസരമൊരുക്കുന്ന പ്രതിമാസ പ്രവർത്തനം

6) കടങ്കഥ കേളി - കടങ്കഥകൾ പറഞ്ഞ് പയറ്റ് നടത്തുന്ന പരിപാടി

7) നാടൻ കലാവതരണം -

8) ബാലസഭ - കുട്ടികളുടെ ഭാഷാപരമായ സർഗവാസനകളുടെ അവതരണത്തിന് പ്രതിമാസത്തിൽ അവസരം.
[വിഷയാടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ് ]

LP Eng

Subject : ENGLISH

Aim & Objectives : To speak, Read & write English without any mistakes.

Time : First term.

* Pretest : Aug 1st week. (To develop listening & reading) LSRW.

Listening : Games, Action songs Hello English Activities (2 stories, skit & conversations)
Use ICT

Speaking Skills : Picture reading & descriptions
Self intro., Assembly activities - Speech
Book review, Quiz riddles

1) READING CARD MAKING.

Sept & October (for Reading skills development)
News " > Collect new words.
Libr. books (book review) Reading cards making.

Reading & Collections > rhyming words, describing, past tense words

Writing skills : Make word web/chain, sentence chain
" Riddles, lines, description, conversations
Develop stories, diary, Letter/Notice proclamation

2) SKIT MAKING & PRESENTATION

Post test : November. *

then Continuous process for the remedials

3) English Fest : December & March.

4) English Assembly (Monthly)

E.V.S

# എൽ.പി പരിസരപഠനം

• പരിസരപഠനത്തിലെ പ്രധാന മേഖലകൾ നിരീക്ഷണം/പരീക്ഷണം അപഗ്രഥനം/നിഗമനം/വർഗീകരണം തുടങ്ങിയവയാണല്ലോ. ഇവയ്ക്ക് കൂടുതൽ അവസരങ്ങളൊരുക്കി നൽകുക എന്നതാണ് സ്വാതന്ത്ര്യവും സർഗാത്മകവുമായ പരിസര പഠന/ബോധനത്തിന്റെ മർമ്മം. കുട്ടികൾ സ്വയം അറിവ് ആർജ്ജിച്ചെടുക്കുന്നതിന് ഇത് വളരെയേറെ മുതൽക്കൂട്ടാകും. അതിനാൽ അത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി, ചുരുക്കം ചില ആശയങ്ങൾ ഈ AMP യിലൂടെ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുന്നു.

* വിദ്യാലയ ശാസ്ത്രമേള - ലഘുപരീക്ഷണങ്ങൾക്ക് മാത്രം പ്രാധാന്യം നൽകിക്കൊണ്ട് ഏകദിന പരിപാടി. (Sept/Oct)

* ഫീൽഡ് ട്രിപ്പ് - പ്രതിമാസ പരിപാടിയായി പരിസ്ഥിതിയിലേക്ക്. തിരികെ വന്ന് നിരീക്ഷണ കുറിപ്പെഴുതുന്നു. (ഓരോ വ്യത്യസ്ത വിഷയങ്ങൾ)

* നാടൻ ഭക്ഷ്യമേള - ആധുനിക കാലത്ത് ആരോഗ്യസംരക്ഷണത്തിന് അവശ്യം അറിഞ്ഞിരിക്കേണ്ട വിഭവങ്ങൾ list ചെയ്ത് ഓരോ കുട്ടിയും വിവിധ ആഹാരസാധനങ്ങൾ കുറിപ്പ് സഹിതം കൊണ്ടുവരുന്നു. ~~പങ്കുവെക്കുന്നു.~~ പ്രദർശനം നടത്തിയതിന് ശേഷം പങ്കുവെച്ച് കഴിക്കുന്നു.

* ബോധവത്കരണ ക്ലാസ് - ചെറുധാന്യങ്ങൾ / ആരോഗ്യ / നാടൻവിഭവങ്ങൾ etc രക്ഷിതാക്കൾക്കും അധ്യാപികമാർക്കുമായി ക്ലാസുകൾ സംഘടിപ്പിക്കുന്നു. (ഒരു ടേമിൽ ഒന്ന് വീതം)

LP Maths

# ഗണിതം

**ലക്ഷ്യം:** ഗണിതം കുട്ടികൾക്ക് ആസ്വാദ്യകരമാം വിധം ലളിതവും രസകരവുമാക്കി അവതരിപ്പിക്കുക.

: ഗണിതകേളി, പസിലുകൾ, പഠനോപകരണങ്ങൾ വഴി മൂർത്തരൂപത്തിലുള്ള പഠനാനുഭവങ്ങൾ നൽകുക.

: ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഗണിതം, കൂടുതൽ ആസ്വാദ്യകരമാക്കുക. (Geogebra etc)

: ചതുഷ്ക്രിയകൾ ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകുന്നവെന്ന് തിരിച്ചറിയുക.

**പ്രവർത്തനങ്ങൾ**

1) ഗണിത കിറ്റ്
2) " ശില്പശാല
3) ഗണിത ക്യാമ്പ്
4) * ഗണിതക്ലിനിക്ക്
   a) അടിസ്ഥാന ശേഷി വികാസം. (ചതുഷ്ക്രിയകൾ) (രക്ഷിതാക്കളുടെ സഹായത്തോടെ..)
   b) സ്ഥാനവില / സംഖ്യാബോധം ഉറപ്പിക്കൽ.
5) ഗണിത ശാസ്ത്രമേള – കുട്ടികളുടെ അവതരണം

**ആദ്യ ഘട്ടം:**

- സങ്കലനം, വ്യവകലനം > മുത്തുകൾ, ഈർക്കിൽ/sketch pens മഞ്ചാടി ഉപയോഗിച്ച് മൂർത്തവത്കരിച്ച് കൂട്ടാനും കുറക്കാനും രണ്ടക്ക സംഖ്യകൾ തുടർന്ന് മൂന്നക്ക സംഖ്യകൾ. (പുന:ക്രമീകരണം വരാത്തത് ആദ്യത്ത്)

**രണ്ടാം ഘട്ടം:**

- മൂന്നക്കസംഖ്യകൾ എഴുതിക്കൂട്ടുന്ന തരത്തിലേക്ക്/കുറക്കുന്ന രീതിയിലും പരിശീലനം നൽകുന്നു.

**മൂന്നാംഘട്ടം:**

- ഒരക്ക സംഖ്യകളുടെ ഗുണനത്തിൽ നിന്നും രണ്ടക്കസംഖ്യകളുടെ ഗുണനത്തിലേക്ക് → Strips ഉപയോഗിച്ച് പരിശീലനം.
- തുടർന്ന് ഹരണത്തിലേക്ക് " "
- സ്ഥാനവില, Abacus ഉപയോഗിച്ചും സംഖ്യാബോധം. A. Gupta Cards ഉപയോഗിച്ചും പരിശീലിക്കുന്നു.

# Academic Master Plan - UP Section

## UP - English

Eng. LEP @ school

| Section | Activities |
| --- | --- |
| Listen and Speak | * Lend your ear: Simple English recordings are played. Encourages the children to answer related questions.<br>* Breaking news: English radio news is played. Children listen to the news. Presents English news in school radio - 'Swaravani'.<br>* English Assembly should be conducted by all class once in a week.<br>* Talk on a topic - children can speak freely about the chosen topic. |
| Reading | * Card reading competition (stories and poems)<br>* Read library books and write a review of it. Read story and retell to others. |
| Writing | * Preparing News report about the programmes conducted in school.<br>* Preparing scripts based on stories from TB and perform.<br>* Short film/reels based on textual lessons. |

## UP ENGLISH.

1. English Assembly.
2. Reading Corner
3. English Fest
4. Radio Programmes (School Swaravani)
5. English Magazine.

* English Radion programmes conducting through School Radio, weekly. Let Children listen this program and participate these activities. Presents Eng. News daily at class room and Radio.

* Reading corner - In the School Auditorium there is corner should be allotted for the R. Corner.

* English Assembly conducted by UP classes monthly in front of the whole school. Prayer, pledge, Salutations, Presidential Address with and all presentations strictly following only English.

* English Magazine - Digital Magazine we can easily develop and published on social media.

* Eng. Fest: Different activities are presenting in one platform It's fest.

## UP - മലയാളം → മാതൃഭാഷ വികസന പരിപാടി മലയാളം 2025-26

1. വായനശാല സന്ദർശനം
2. സാഹിത്യകാരന്മാരുമായി അഭിമുഖം
3. സ്വരവാണി - ജി.യു.പി.എസ് പുറച്ചേരി
   ഭാഷാപ്രാധാന്യമുള്ള പരിപാടികളുടെ അവതരണം.
4. വായനത്തിളക്കം (മൂന്നാം തരം മുതൽ)
5. അമ്മമാരുടെ പുസ്തകചർച്ച (മാസത്തിലൊരിക്കൽ)
6. സാഹിത്യ ദിനാചരണങ്ങൾ.
7. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ എന്നിവയുടെ അവതരണം.

* വിശദമായ അവതരണം
അടുത്ത പേജിൽ ⇒

## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലൈബ്രറി പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ഭാഷാസ്നേഹവും മൂല്യങ്ങളും വളർത്തുക. | 1) വായനാക്കൂട്ടം / എഴുത്തുകൂട്ടം<br>ക്ലാസ്തല വായനാക്കൂട്ടങ്ങൾ രൂപീകരിച്ച് പുസ്തകാസ്വാദന ചർച്ചകൾ സംഘടിപ്പിക്കൽ, എഴുത്ത് പ്രോത്സാഹിപ്പിക്കൽ, | ജൂലൈ- ഡിസംബർ | വിദ്യാരംഗം | |
| | 2) <u>വായനാക്കുറിപ്പു മത്സരം</u><br>മികച്ച വായനാക്കുറിപ്പുകൾ പൊതുവേദികളിൽ (പി.ടി.എ, ക്ലാസ് പി.ടി.എ) അവതരിപ്പിക്കൽ, പ്രോത്സാഹനം നൽകൽ. | ജൂൺ to ജനുവരി (എല്ലാമാസം) | വിദ്യാരംഗം + PTA | |
| ദിനാചരണങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് അവയുമായി ബന്ധപ്പെട്ട അവതരണത്തിൽ പങ്കാളികളാകുക. | 3) ദിനാചരണങ്ങൾ @ പ്രത്യേക <u>അസംബ്ലി</u><br>എഴുത്തുകാരുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങളിൽ സാഹിത്യരചനകളുടെ നാടകീകരണം, പ്രഭാഷണം, കവിതകളുടെ ആലാപനം തുടങ്ങിയ വ്യവഹാരങ്ങളിലൂടെ അധിക പഠനാനുഭവങ്ങൾ നൽകുക. | ജൂൺ 19<br>ജൂലൈ 5<br>ആഗസ്റ്റ് 7<br>ഒക്ടോ 27<br>നവം 14<br>etc | വിദ്യാരംഗം<br>കുട്ടികൾ<br>SRG | |
| | 4) സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തുക | നവംബർ/ ഡിസംബർ | വിദ്യാരംഗം<br>SRG | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | 5) **രംഗാവിഷ്കാരം / ചൊൽക്കാഴ്ചകൾ അവതരിപ്പിക്കൽ**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | പ്രതിമാസം<br>July to February | ക്ലാസ്സ് Trs<br>+<br>വിദ്യാർത്ഥികൾ | |
| * നാടകീകരണം സ്വായത്തമാക്കുന്നതിന് തിയേറ്റർ ഗെയിംസ് കൊണ്ട് നാടകാവതരണം | 6) വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് <u>ശില്പശാല</u> നടത്തുന്നു) | ജനുവരി | SRG+<br>PTA | |
| * കുട്ടികളുടെ ആകാശവാണി - സ്വരവാണി G.U.P.S. പുറച്ചേരി<br>അവതരണ മികവ്. | **സ്വരവാണി- ജി.യു.പി.എസ് പുറച്ചേരി**<br>എല്ലാ ദിവസവും കുട്ടികൾ പരിപാടി അവതരിപ്പിക്കുന്നു. വിശേഷ ദിനങ്ങൾ, ദിനാചരണങ്ങൾ, ആസ്വാദനം, ആലാപനം, അഭിമുഖം. വാർത്ത വായന സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. | പ്രതിദിന പരിപാടി | ആകാശവാണി in charge<br>കുട്ടികൾ | |
| * വായന മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പരിപാടികൾ | * വായനത്തിളക്കം (III to VII class)<br>* വായനശാല സന്ദർശനം - അടുത്തുള്ള വായനശാലയിൽ അംഗത്വമെടുക്കൽ, സന്ദർശിച്ച് പുസ്തകമെടുക്കൽ etc | പ്രതിമാസം<br>ജൂലൈ- മാർച്ച് | | |

UP സയൻസ്

പച്ചക്കറിത്തോട്ടം നിർമ്മാണം, നിലവിലുള്ളവ മെച്ചപ്പെടുത്തൽ, പരിപാലനം.

പരീക്ഷണക്കളരി - പരീക്ഷണ കിറ്റ് നിർമ്മാണം, പരിചിത വസ്തുക്കൾ ശേഖരിച്ച് പരീക്ഷണങ്ങൾ നടത്തൽ.

ആകാശ വിസ്മയം - വാനനിരീക്ഷണ ബഹിരാകാശ ക്യാമ്പ്.

ശാസ്ത്ര ലൈബ്രറി ഒരുക്കൽ - ശാസ്ത്ര പുസ്തക പ്രദർശനം.

## UP- Social Science

സ്കൂൾ പാർലമെന്റ് ഇലക്ഷൻ, പാർലമെന്റ് രൂപീകരണം

- ബോധവത്ക്കരണ ക്ലാസുകൾ, കരിയർ കൗൺസിലിങ്ങ്,
- നിയമ ബോധവത്ക്കരണ ക്ലാസുകൾ – റോഡ് സുരക്ഷ, പോക്സോ, സൈബർ സുരക്ഷ.
- വാനനിരീക്ഷണം -
- നാടൻ ഭക്ഷ്യമേള -

# ഗണിതശാസ്ത്രം

- യു.പി. ക്ലാസ്സുകളിലെത്തുമ്പോഴേക്കും ഏറ്റവും വിഷമകരമായ വിഷയമായി ഗണിതശാസ്ത്രം ചിലപ്പോഴൊക്കെ മാറുന്നുവോ? ശരാശരി വിദ്യാർത്ഥികളുടെ ഏകദേശ ധാരണകളുടെ പുറത്തുമാത്രമുള്ള കാര്യമാണിതെന്ന് വിശകലനത്തിലൂടെ വ്യക്തമാകുന്ന കാര്യവുമാണിത്.

ഗണിതം മധുരം, ഗണിത വിജയം പ്രൊജക്ടുകളിലൂടെ ഏറെ മുന്നോട്ടുപോയ വിദ്യാലയമാണ് പുറച്ചേരി സ്കൂൾ. ഈ വർഷവും ഗണിതം അതിമധുരതരമാക്കുന്നതിനും അതുവഴി ഉന്നത വിജയങ്ങൾ നേടുന്നതിനുമുള്ള ആസൂത്രണം നടന്നു കഴിഞ്ഞു. അതിനുള്ള കരട് രേഖ സമർപ്പിക്കുന്നു.

* MATHS LABORATORY
ഒരു വർഷം മുഴുവനെടുത്ത് ചെയ്തു പൂർത്തീകരിക്കേണ്ട ഒരു പ്രവർത്തനമാണിത്. നിലവിൽ റൂമിന്റെ അപര്യാപ്തത, സാമഗ്രികളുടെ ലഭ്യതക്കുറവ്, ലാബ് പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ് എന്നിവ ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു. എങ്കിലും SRG, PTA, MPTA കമ്മിറ്റികളുടെ പിന്തുണയോടെ ഇതു പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മറ്റ് പ്രവർത്തനങ്ങൾ (വിശദമായി അടുത്ത പേജിൽ) ⇒

* ICT പരിശീലനം (Geogebra Application via)
* ഗണിത ക്ലിനിക്ക് (പിന്നോക്കക്കാരെ പരിഗണിക്കൽ)
* ഗണിത ശില്പശാല (രക്ഷിതാക്കൾ, കുട്ടികൾ, പ്രാദേശിക തലത്തിലെ RP മാരുടെ സേവനങ്ങൾ പരിഗണിച്ച്)

(P.T.O)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| • ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളിലൂടെ ഗണിതപഠനം മെച്ചപ്പെടുത്തൽ | ▣ ICT പരിശീലനം (Geogebra) ജ്യാമിതീയ രൂപങ്ങൾ, കോണുകൾ, വരകൾ, ടാൻഗ്രാം ഇവ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എളുപ്പം എത്തിക്കുന്നു. | ജൂലൈ മാസം മുതൽ പ്രതിമാസം. | ഗണിത അധ്യാപകർ | – ICT Lab |
| • ഗണിതശേഷി നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുന്നു. | ▣ ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ WS ലൂടെ കണ്ടെത്തി, അവർക്ക് കിട്ടാത്തത് എന്താണെന്ന് മനസ്സിലാക്കി, വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി, തുടർപ്രവർത്തനങ്ങളും നൽകുന്നു. | ആഗസ്റ്റ് മുതൽ പ്രതിവാരം ഒരു പീരിയഡ് | സമർത്ഥരായ കുട്ടികൾ + Maths teachers | – |
| • ഗണിത ചിന്ത/യുക്തിബോധം എല്ലാവരിലേക്കും വളർത്തുക | ▣ ഗണിത അസംബ്ലി & സെമിനാർ | ആഗസ്റ്റ് മുതൽ പ്രതിമാസത്തിൽ. | Maths tr + കുട്ടികൾ | |
| • അടിസ്ഥാന ക്രിയാശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക. | ▣ ഗണിത ശില്പശാല കളികളിലൂടെ ഗണിതാടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നു. (നമ്പർ ചാർട്ട്, ഫ്ലാഷ് കാർഡ് Sketch pens, ചാർട്ട് / മുത്തുകൾ etc) | സെപ്തംബർ (ഓണാവധിക്ക്) | Maths TR + Sp.R.P./(SRG) | 10,000/ |
| • സർഗാത്മകമായി ഗണിതപഠനം സാധ്യമാകുന്നതിനും യുക്തിചിന്ത വളർത്തുന്നതിനും | ▣ സർഗാത്മക ഗണിത നാടകക്കളരി ഗണിതാശയങ്ങളെ അടിസ്ഥാനമാക്കി Theatre സാധ്യതകൾ വികസിപ്പിക്കുന്നു- നാടകത്തിലേക്ക് | ഡിസംബർ (X'mas vacation) | Maths tr + RP | 2000 |
| | ▣ പ്രതിവാര ഗണിത ക്വിസ് & (ഉത്തരപ്പെട്ടി) *ഗണിത പ്രതിഭ പുരസ്കാരം* | June to March | Maths tr | 1200/ for gift. |

ഹിന്ദി - യു.പി. വിഭാഗം

UP- Hindi

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ആവശ്യമായ സാമഗ്രികൾ | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|
| യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ആദ്യഘട്ടം<br>· അക്ഷരമെഴുത്ത്<br>· ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>· അക്ഷരമാല പ്രദർശനം<br>· അക്ഷരക്കളികൾ<br>· വാക്കുകൾ നിർമാണം<br>· വാക്യനിർമാണം - വാക്യമാല<br>· അക്ഷരവൃക്ഷം<br>· ക്ലാസിൽ ഹിന്ദി ലൈബ്രറി | ജൂൺ മുതൽ ഒക്ടോബർ വരെ | · വായനക്കാർഡ്<br>· അക്ഷരചാർട്ട്<br>· പാഠപുസ്തകം<br>· ഹിന്ദി-ലൈബ്രറി ബുക്ക്<br>· ഐ.സി.ടി | പി.ടി.എ.<br>ബി.ആർ.സി |
| (സ്കൂൾതല പ്രവർത്തനങ്ങൾ)<br>ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും ക്രിയാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള അവസരം നൽകൽ | രണ്ടാം ഘട്ടം<br>1) ദിനാചരണങ്ങൾ<br>(ഹിന്ദി ദിവസം, പ്രേംചന്ദ് ജയന്തി ആഘോഷം etc)<br>2) ഹിന്ദി അസംബ്ലി: പ്രാർത്ഥന/പ്രതിജ്ഞ<br>· വായന/കൈയെഴുത്ത് മാസിക പ്രകാശനം etc (പ്രതിമാസം)<br>സ്കൂൾ ആകാശവാണി —<br>· ഹിന്ദി പരിപാടികളുടെ അവതരണം<br>· " കവിതാലാപനം | ജൂലൈ- ജനുവരി | · ഹിന്ദി പത്രങ്ങൾ<br>· " കവിതകൾ ശേഖരിക്കൽ<br>· ചാർട്ട്, മാർക്കർ<br>- A4 sheets<br>· സാഹിത്യ പുസ്തകങ്ങൾ<br>· റഫറൻസ് | ഹിന്ദി അധ്യാപിക + എസ്.ആർ.ജി<br>പി.ടി.എ |
| 3) ദിനാചരണങ്ങളുടെ ഭാഗമായി ചിത്രപ്രദർശനം | → പോസ്റ്റർ തയ്യാറാക്കൽ<br>← പ്രദർശനം | July to January | മാർക്കർ, ചാർട്ട്<br>ബ്രഷ് & പെയിന്റ് | എസ്.ആർ.ജി,<br>രക്ഷിതാക്കൾ |